**ശ്രദ്ധക്ഷണിക്കൽ**

(1) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിന്റെ വ്യാവസായിക രംഗത്ത് വലിയ പ്രതീക്ഷകൾ നൽകിയ പൊതുമേഖലാ സ്ഥാപനമാണ് കെൽടെക്. വളരെ സാങ്കേതിക പരിജ്ഞാനമുള്ള എക്സ്പെർട്ടുകൾ പണിയെടുത്ത ഈ സ്ഥാപനത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ, ജി.ഒ. (എം.എസ്) നം.39/2007/ഡി.ആർ.ഡി.ഒ. നമ്പർ ഉത്തരവ് പ്രകാരം പ്രതിരോധ മേഖലയ്ക്ക് കൈമാറി. എന്നാൽ ജി.ഒ. (എം.എസ്)നം.129/2007-ാം നമ്പർ ഉത്തരവ് പ്രകാരം ഡിഫൻസ് ആ സ്ഥാപനത്തെ ബ്രഹ്മോസ് എന്ന കമ്പനിക്ക് കൈമാറി. ബ്രഹ്മോസ് ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമല്ല. കേരളം കെൽടെക്-നെ കൈമാറിയത് കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിനാണ്, ഡിഫൻസ് മേഖലയ്ക്കാണ്. ഡിഫൻസ് അതിനെ മറ്റൊരു സ്വകാര്യമേഖലയ്ക്ക് കൈമാറി. അതാണ് ബ്രഹ്മോസ്. അവിടെ മിസൈലാണ് ഉല്പാദിപ്പിക്കുന്നത്. ബ്രഹ്മോസിന്റെ പ്രവർത്തനം ആരംഭിച്ചത് കേന്ദ്ര ഗവൺമെന്റാണോ സംസ്ഥാന ഗവൺമെന്റാണോ റഷ്യൻ കമ്പനിയാണോ എന്നുള്ളത് സംബന്ധിച്ച് യാതൊരു വ്യക്തതയും ഇന്ന് ഗവൺമെന്റിനില്ല. ഇതിനുവേണ്ടി നടത്തിയ അന്വേഷണങ്ങളിൽ നിന്നും വ്യക്തമായ ഉത്തരവും

ലഭിക്കുന്നില്ല. ഇന്ന് ഈ സ്ഥാപനം ഗുരുതരമായ പ്രതിസന്ധിയിലാണ്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ തൊട്ടടുത്തുള്ള, കേരള സംസ്ഥാനത്തിന്റെ 24 ഏക്കർ സ്ഥലം ബ്രഹ്മോസ്സിന് കൈമാറി. ഇത് കൈമാറുന്നതിന്റെ ഫലമായി 100 കോടി രൂപ അധികമായി ഇതിന് വിനിയോഗിക്കുമെന്നും പ്രാദേശികമായി കേരളത്തിലെ മലയാളികൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുമെന്നുമാണ് അന്ന് പ്രതിരോധ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. ഇതൊന്നും ഇവിടെ നടന്നിട്ടില്ല, എന്നാൽ ഭൂമി കയ്യടക്കി വച്ചിട്ടുണ്ട്. അവിടെ പുതിയ നിയമനങ്ങളില്ല, ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ നിരോധിച്ചിരിക്കുകയാണ്. അത് ഡിഫൻസിന്റെ പേരിലാണ്. എന്നാൽ ഇത് ഡിഫൻസല്ല. ഇത് ഒരു സ്വകാര്യ സ്ഥാപനമാണ്. ജീവനക്കാർക്ക് ന്യായമായ പ്രൊമോഷൻ കൊടുക്കുന്നില്ല. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ല. വികസനത്തിനു വേണ്ടിയാണ് ഈ ഭൂമി വാങ്ങിയത്. വികസനം നടക്കുന്നില്ല. ഗുരുതരമായ അഴിമതി അവിടെ നടക്കുന്നുണ്ടെന്നാണ് ജീവനക്കാർ പറയുന്നത്. ഇക്കാര്യം സംസ്ഥാന ഗവൺമെന്റ് വ്യക്തമാക്കേണ്ടതാണ്. ഇത് പൊതുമേഖലാ സ്ഥാപനമാണോ; കേന്ദ്ര ഡിഫൻസിന്റെ വകുപ്പാണോ; സ്വകാര്യ മേഖലയാണോ; ഇതിന്റെ മാനേജ്മെന്റ് ആരാണ്; ഇതിന്റെ 24 ഏക്കർ ഭൂമി

ദുരുപയോഗം ചെയ്യുന്നതാരാണ്; ഈ സ്ഥലം അവർക്ക് ആവശ്യമുണ്ടോ; ഇല്ലെങ്കിൽ, ആ സ്ഥലം തിരിച്ചെടുക്കണ്ടേ; തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഗൗരവമായി അന്വേഷണം നടത്തണം. ഈ വിഷയത്തിൽ കേരളത്തെ പറ്റിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിരന്തരമായ പരിശോധനയിൽ കേരളത്തിന് കാലാകാലങ്ങളിൽ നൽകേണ്ട കേന്ദ്ര വിഹിതം കിട്ടുന്നില്ല. വ്യാവസായികമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റ് തുലയ്ക്കുന്നു. ആ കൂട്ടത്തിൽ ബ്രഹ്മോസും സ്വകാര്യമേഖലയ്ക്ക് പൂർണ്ണമായി കീഴടങ്ങും. നമ്മുടെ സ്ഥലം നഷ്ടപ്പെടും. സംസ്ഥാന ഗവൺമെന്റിന്റെ കോടിക്കണക്കിന് രൂപയുടെ മിഷനറികൾ അവർ കൈകാര്യം ചെയ്യുകയാണ്. ഇതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് എന്ത് ഗുണമുണ്ടായി എന്നത് പരിശോധിക്കണം. ഞാൻ ഈ വിഷയം ഗൗരവമായി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാന വ്യവസായ വകുപ്പിന്റെ അധീനതയിലായിരുന്ന പൊതുമേഖലാ സ്ഥാപനമായ കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഇൻഡോ-

റഷ്യൻ സംയുക്ത സംരംഭമായ ബ്രഹ്മോസ് എയ്റോ സ്പേസ് ലിമിറ്റഡിന് 2007 ഡിസംബർ 31-ന് കൈമാറി. ബ്രഹ്മോസ് എയ്റോ സ്പേസ് പ്രൈവറ്റ് ലിമിറ്റഡിൽ 50.50 ശതമാനം ഓഹരി പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഡിഫൻസ് റിസർച്ച് ആന്റ് ഡെലവപ്പ്മെന്റ് ഓർഗനൈസേഷനും 49.50 ശതമാനം പങ്കാളിത്തം റഷ്യൻ ഫെഡറേഷനുമാണ്. കെൽടെക്-നെ ഏറ്റെടുത്തശേഷം ബ്രഹ്മോസ് എയ്റോ സ്പേസ് പ്രൈവറ്റ് ലിമിറ്റഡ്  പൂർണ്ണ അധീനതയിലുള്ള സബ്സിഡിയറി യൂണിറ്റായി. ബ്രഹ്മോസ് എയ്റോസ്പേസ്  തിരുവനന്തപുരം ലിമിറ്റഡ് എന്ന പേരിലാണ് ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇതൊരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമല്ല. ഐ.എസ്.ആർ.ഒ., ഡിഫൻസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ, ഭാഭ അറ്റോമിക് റിസർച്ച് സെന്റർ, കൂടാതെ മറ്റ് എയ്റോ സ്പേസ് വ്യവസായങ്ങൾക്ക് ആവശ്യമായ എയ്റോ സ്പേസ് കമ്പോണന്റും സിസ്റ്റങ്ങളുടേയും ഉല്പാദനവുമായി  ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഈ സ്ഥാപനം നടത്തുന്നത്. കമ്പനിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ  പ്രകാരം ഏറ്റെടുത്ത ശേഷം ഈ യൂണിറ്റിൽ 2008-09 സാമ്പത്തികവർഷം ഡി.ആർ.ഡി.ഒ. അൻപത് കോടി രൂപയുടെയും ഐ.എസ്.ആർ.ഒ. ഇരുപത്തിയഞ്ച്  കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ 15.20 കോടി രൂപയുടെ

നിക്ഷേപം ബ്രഹ്മോസ് നേരിട്ടും ഉല്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനുമായി നടത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി കമ്പനിയുടെ വിറ്റുവരവിൽ വർദ്ധനവുണ്ടാകുകയും മിതമായ ലാഭം നേടുകയും ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ആസ്തികളും കടങ്ങളും കമ്പനി ഏറ്റെടുത്തിരുന്നു. നിലവിലുള്ള ജീവനക്കാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടാണ് ഏറ്റെടുത്തത്. കമ്പനിയിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് ഏറ്റെടുക്കലിനുശേഷം 2008-ലും 2013-ലും ശമ്പള പരിഷ്കരണം നടന്നിരുന്നു. തൊഴിലാളികളുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് രണ്ട് ട്രേഡ് യൂണിയനുകളും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് നൽകിയ പരാതി ഇതുവരെ തീർപ്പായിട്ടില്ല. എങ്കിലും തൊഴിലാളികളുടെ താൽപ്പര്യം മുൻനിർത്തി കോടതി ഉത്തരവിന് വിധേയമായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി തൊഴിലാളികൾക്ക് പ്രൊമേഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ട്രേഡ് യൂണിയനുമായി ബന്ധപ്പെട്ട ചില ഗൗരവമേറിയ വിഷയങ്ങൾ ഇവിടെ ഉന്നയിച്ചു. ആ വിഷയവും സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കകത്തുനിന്ന് ഇടപെടുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ സഭയിൽ ഉന്നയിച്ചത്, ബ്രഹ്മോസിന്റെ

മാനേജ്മെന്റ് ആരാണ്. സംസ്ഥാന ഗവൺമെന്റിന് എന്തുപങ്കാണ് ഈ സ്ഥാപനത്തിലുള്ളത്; ഒരു ഡയറക്ടറെ എടുത്തിട്ടുണ്ടോ; 24 ഏക്കർ സ്ഥലവും കോടിക്കണക്കിന് രൂപയുടെ മിഷനറിയും കൊടുത്തിട്ട് സംസ്ഥാന ഗവൺമെന്റ് നോക്കുകുത്തിയായി നില്ക്കുയാണോ എന്നതാണ് എന്റെ ആക്ഷേപം.

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും അത് അങ്ങനെതന്നെയാണ്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള സ്ഥാപനമല്ല. ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന് കൈമാറിയശേഷം 50.50 ശതമാനം ഓഹരി പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഡിഫൻസ് റിസർച്ച് ആന്റ് ഡെലവപ്പ്മെന്റ് ഓർഗനൈസേഷനും 49.50 ശതമാനം റഷ്യൻ പങ്കാളിത്തമുള്ള ഒരു സ്ഥാപനത്തിനുമാണ്. സംസ്ഥാന ഗവൺമെന്റിന് പങ്കാളിത്തമില്ല എന്ന് അങ്ങ് ഉന്നയിക്കുന്ന കാര്യം ശരിയാണ്. അത്തരത്തിലൊരു സ്ഥാപനമായിട്ടാണ് ഇപ്പോൾ അത് നിലനിൽക്കുന്നത്.

## കറൻസി നോട്ടുകളുടെ ക്ഷാമം

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സംസ്ഥാനം ഏതാനും ആഴ്ചകളായി കടുത്ത കറൻസി നോട്ട് ക്ഷാമത്തിന്റെ പിടിയിലാണ്. കഴിഞ്ഞ വർഷം നവംബർ-8-ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച നോട്ട് നിരോധനത്തെത്തുടർന്ന് ബാങ്കുകൾക്കും

എ.ടി.എം.-കൾക്ക് മുന്നിലും രൂപപ്പെട്ട നീണ്ട വരികൾ ഇപ്പോൾ വീണ്ടും രൂപപ്പെട്ട് വന്നിരിക്കുകയാണ്. നിരോധിച്ച നോട്ടുകൾ ബാങ്കിൽ കൊടുത്ത് മാറ്റിയെടുക്കുന്നതിനായിരുന്നു അന്ന് ജനം ക്യൂ നിന്നിരുന്നതെങ്കിൽ ഇപ്പോൾ ബാങ്കിൽ നിക്ഷേപിച്ച നോട്ടുകൾ തിരിച്ചുകിട്ടുന്നതിന് അതേ ബാങ്കുകൾക്ക് മുന്നിൽത്തന്നെ കാത്തുനിൽക്കുകയാണ് എന്ന വ്യത്യാസമേയുള്ളൂ. കറൻസി നോട്ടിന്റെ കടുത്തക്ഷാമം സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളിലുണ്ടാക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ വഴി സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിലേക്ക് ധനകാര്യ വകുപ്പുമന്ത്രിയുടെയും ഈ സർക്കാരിന്റെയും ശ്രദ്ധക്ഷണിക്കുക എന്നതാണ് ഞാൻ ഈ പ്രമേയത്തിലൂടെ ഉദ്ദേശിക്കുന്നത്.

വിഷു, ഈസ്റ്റർ ആഘോഷങ്ങളിലേക്ക് കേരളം കടന്ന സന്ദർഭത്തിലാണ് വൻതോതിലുള്ള നോട്ട് ക്ഷാമം ജനത്തെ വലച്ചത്. ട്രഷറികളിൽ പണമില്ലാത്ത കാരണത്താൽ ക്ഷേമപെൻഷൻ വിതരണം മുടങ്ങി. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ ജീവിത താളങ്ങളെയാണ് ഇപ്പോഴത്തെ നോട്ട് പ്രതിസന്ധി തകിടം മറിച്ചത്. വിഷു സീസണിൽ സാധാരണ നടക്കേണ്ട കച്ചവടങ്ങളും വിപണനങ്ങളും വലിയ തോതിൽ നടന്നില്ല. സമ്പദ്ഘടനയും ജനജീവിതവും

ഒരുപോലെ ചടുലമാകേണ്ട സന്ദർഭത്തിൽ എല്ലാം സ്തംഭിപ്പിക്കുന്ന മാന്ദ്യമാണ് കടന്നുവന്നത്. കൂട്ടത്തിൽ സർക്കാരും നിസംഗത പാലിച്ചതോടെ ജനജീവിതം ദുസ്സഹമായി. സർക്കാർ അൽപ്പമെങ്കിലും ഉണർന്നു പ്രവർത്തിച്ചിരുന്നുവെങ്കിൽ സ്ഥിതിഗതികളിൽ അൽപ്പം മാറ്റം വരുത്താമായിരുന്നു. എന്നാൽ അതുണ്ടായില്ല. ഏതായാലും ആഘോഷവേളയിൽ ജനങ്ങളെ വലിയ വിഷമ വൃത്തത്തിലാക്കുന്നതായിപ്പോയി ഈ നടപടി എന്ന് പറയാതെ വയ്യ. വിശേഷിച്ചും മലബാർ മേഖലകളിലാണ് ബുദ്ധിമുട്ട് കൂടുതൽ അനുഭവപ്പെട്ടത്. എ.ടി.എം.-കളാകട്ടെ നോക്കുകുത്തികളായി തുടരുന്നു. കേരളത്തിലെ എല്ലാ ബാങ്കുകൾക്കുമായി 9093 എ.ടി.എം.-കളാണുള്ളത്. ഇതിൽ ഏതാണ്ട് 40 ശതമാനത്തോളം എം.ടി.എം.-കളും പതിവായി പ്രവർത്തിക്കുന്നവയല്ല. നോട്ടില്ലെന്ന് പറഞ്ഞ് ബാങ്കുകൾ കൈമലർത്തുന്നു. റിസർവ് ബാങ്കിൽനിന്നും പണം ലഭിക്കുന്നില്ലെന്നുള്ളതാണ് ബാങ്കുകളുടെ വിശദീകരണം. റിസർവ് ബാങ്ക് ആകട്ടെ നോട്ട് നിരോധനത്തിന്റെ കാലത്ത് അവലംബിച്ചിരുന്ന അതേ മൗനം ഇപ്പോഴും തുടരുകയാണ്. ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കറൻസിയുടെ ലഭ്യത കുറയ്ക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ പറയുന്നത്. കേരളത്തിനുള്ള

കറൻസിയുടെ ലഭ്യതയിൽ റിസർവ് ബാങ്ക് 26 ശതമാനം കുറവ് വരുത്തിയതായാണ് വാർത്ത. നോട്ട് നിരോധിക്കുന്നതിനുമുമ്പ് 17.97 ലക്ഷം കോടി രൂപയുടെ നോട്ട് ഉണ്ടായിരുന്ന സംസ്ഥാനത്ത് ഈ മാർച്ച് 31-ന് പ്രചാരത്തിലുണ്ടായിരുന്നത് 13.35 ലക്ഷം കോടി രൂപ മാത്രമാണ്. 500, 1000 രൂപ നോട്ടുകൾ പിൻവലിക്കുക വഴി രാജ്യത്ത് പ്രചാരത്തിലുണ്ടായിരുന്ന 86 ശതമാനം നോട്ടുകളാണ് പിൻവലിക്കപ്പെട്ടത്. പകരം പുതിയ നോട്ടുകൾ വന്നപ്പോഴും ഈ മൂല്യം നികത്തപ്പെട്ടില്ല എന്നതാണ് യാഥാർത്ഥ്യം. നോട്ട് നിരോധിച്ചപ്പോൾ എത്ര ലക്ഷം കോടി രൂപയുടെ പഴയ നോട്ടുകളാണ് ബാങ്കുകളിൽ തിരിച്ചെത്തിയതെന്ന കണക്കുപോലും ഇനിയും ഔദ്യോഗികമായി പുറത്തുവന്നിട്ടില്ല. ഇക്കാര്യത്തിലൊന്നും വ്യക്തതയില്ലാത്ത സാഹചര്യത്തിൽ നോട്ട് ക്ഷാമം എന്നത്തേക്ക് തീരുമെന്നതിന് ഒരു നിശ്ചയവുമില്ലാത്ത അവസ്ഥയാണുള്ളത്. കേരളം ഉൾപ്പെടെയുള്ള രാജ്യത്തെ മിക്ക സംസ്ഥാനങ്ങളും കറൻസി നോട്ടിന്റെ ക്ഷാമത്തിലാണ്. നോട്ട് ക്ഷാമം ഏറെ ബാധിച്ചത് മലബാർ മേഖലയെയാണ്. സംസ്ഥാനത്തെ ബാങ്കുകൾക്ക ഇരുന്നൂറ്റമ്പതോളം ക്യാഷ് ചെസ്റ്റുകളാണുള്ളത്. 100 കോടി രൂപ മുതൽ 250 കോടി രൂപ വരെ നോട്ട് നിരോധനത്തിനുമുമ്പ് ഇവയിൽ സ്റ്റോക്കുണ്ടായിരുന്നു. എന്നാൽ അതിപ്പോൾ 5-10 കോടി രൂപയായി

കുറഞ്ഞിരിക്കുന്നു. മാഹിയുൾപ്പെടെ മലബാറിലെ ഏഴ് ജില്ലകളിൽ സംസ്ഥാനത്തെ ആകെ ക്യാഷ് ചെസ്റ്റുകളുടെ മൂന്നിലൊന്ന് മാത്രമാണുള്ളത്. അവിടത്തെ ക്യാഷ് ചെസ്റ്റുകളിൽ പലപ്പോഴും ഒരു കോടി രൂപയിൽ താഴെ മാത്രമാണുണ്ടാകുന്നത്. അതായത് സംസ്ഥാനത്താകെ അനുഭവപ്പെടുന്ന നോട്ട് ക്ഷാമം മലബാറിലെത്തുമ്പോൾ മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ അത്യന്തം രൂക്ഷമാവുകയാണ്. പണം പിൻവലിക്കൽ, അക്കൗണ്ടിലുള്ള പണം കൈമാറൽ, എം.ടി.എം. ഉപയോഗം തുടങ്ങിയ വിവിധ ബാങ്കിംഗ് സേവന മേഖലകളിൽ കൊണ്ടുവന്ന വ്യാപകമായ ഫീസുകളും പിഴകളും ജനങ്ങളെ വലിയ തോതിൽ പ്രയാസപ്പെടുത്തുന്നവയാണ്. ഈ പിഴകളും ഫീസുകളും ഭയന്ന് ജനം കറൻസി നോട്ടുകൾ വലിയ തോതിൽ കയ്യിൽ സൂക്ഷിക്കുന്ന പ്രവണത ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. കറൻസി നോട്ടുകളുടെ സ്വാഭാവികമായ ഒഴുക്കിനെ ഇത് ബാധിച്ചിട്ടുണ്ട്. പുതിയ നോട്ട് ക്ഷാമത്തിന് ഇതും ഒരു വലിയ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ബാങ്കിംഗ് പ്രസ്ഥാനത്തെക്കുറിച്ച് ജനങ്ങളുടെ അവിശ്വാസവും അനാദരവും നാൾക്കുനാൾ വർദ്ധിക്കുന്നതാണ് പുതിയ സംഭവ വികാസങ്ങൾ. തങ്ങൾ സ്വന്തമായി അദ്ധ്വാനിച്ച് ബാങ്കുകളിൽ നിക്ഷേപിച്ച പണം തങ്ങളുടെ അത്യാവശ്യ കാര്യങ്ങൾക്കുപോലും ലഭ്യമാകാത്ത സാഹചര്യത്തെ നമ്മുടെ

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ്.....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...പ്ലീസ്....

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വളരെ സീരിയസ്സായ വിഷയമായതുകൊണ്ടാണ് പറയുന്നത്. മലബാറിൽ എവിടെയും എം.ടി.എമ്മുകൾ അടഞ്ഞുകിടക്കുകയാണ്. ആളുകളൊക്കെ വളരെ കഷ്ടപ്പെടുകയാണ്. അതുകൊണ്ടാണ് ഇത് അവതരിപ്പിക്കുന്നത്. പണം തങ്ങളുടെ അത്യാവശ്യ കാര്യങ്ങൾക്കുപോലും ലഭ്യമാകാത്ത സാഹചര്യത്തെ നമ്മുടെ മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെ പോലെയുള്ളവർ 'കൊള്ള' എന്നാണ് വിശേഷിപ്പിച്ചത് എന്നകാര്യം ഇവിടെ സ്മരണീയമാണ്. സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായ ബിവറേജസ് കോർപ്പറേഷൻ, കെ.എസ്.എഫ്.ഇ. തുടങ്ങിയവയുടെ ദൈനംദിന കളക്ഷനുകളും മറ്റും ട്രഷറികളിൽ നിക്ഷേപിച്ച് സംസ്ഥാന സർക്കാർ ചില ശ്രമങ്ങൾ നടത്തുന്നുവെന്നത് അൽപ്പം ആശ്വാസകരമാണ്. നോട്ടില്ലാതെ ഡിജിറ്റൽ ഇടപാടിന് നിർബന്ധിതരാക്കുക, ആനുകൂല്യങ്ങൾ പിൻവലിച്ച് അത്തരം ഇടപാടുകൾ തുടരാനുള്ള നിർബന്ധിത സാഹചര്യം സൃഷ്ടിക്കുക എന്ന തന്ത്രമാണ് ഇപ്പോൾ കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പയറ്റി നോക്കുന്നത്. ഇത് അത്യന്തം അപകടകരമാണ്. സംസ്ഥാനത്തിന്റെ

സമ്പദ്ഘടനയെ തന്നെ തകിടം മറിക്കുന്ന ഈ നോട്ട് പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ അതീവ ഗൗരവമായ ഒരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. പ്രശ്നവും അതിനുള്ള ഉത്തരവും അദ്ദേഹം നൽകിക്കഴിഞ്ഞു. നവംബർ 8-ന് 500, 1000 രൂപയുടെ നോട്ടുകൾ പിൻവലിച്ചപ്പോൾ നമ്മുടെ സമ്പദ്ഘടനയിൽ പ്രചാരത്തിലിരുന്ന 85 ശതമാനം പണവും പിൻവലിക്കപ്പെട്ടു. പിന്നീട് Demonetization ആരംഭിച്ചപ്പോൾ വളരെ വേഗത്തിൽത്തന്നെ നോട്ടിന്റെ ലഭ്യത വർദ്ധിക്കും, കാര്യങ്ങൾ സാധാരണഗതിയിലാകുമെന്നാണ് എല്ലാവരും കരുതിയത്. പക്ഷേ ആ പ്രതീക്ഷകളൊക്കെ തകിടം മറിക്കുന്ന അനുഭവങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിചിത്രം എന്നുപറയട്ടെ, ഈ വിഷുക്കാലത്ത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കറൻസിക്ഷാമം വീണ്ടും രൂക്ഷമാകുകയും നീണ്ട ക്യൂ വരികയും അത് ആഘോഷങ്ങളെയൊക്ക ബാധിക്കുകയും ചെയ്തു. ഇതിന്റെ കാരണമെന്താണെന്നതിനെക്കുറിച്ച് തിട്ടമായി ഇപ്പോഴും പറയാൻ പറ്റുകയില്ല. ഒന്നാമതായി, പണം എന്തിനാണ്? സാധനങ്ങൾ

കൈമാറ്റത്തിനുള്ളതാണ് പണം. എത്രമാത്രം സാധനങ്ങൾ കൈമാറാനുണ്ട് അത്രയും തുകയുടെ പണം ഒരുവർഷം നമുക്ക് വേണ്ടി വരും. ആ പണത്തിന്റെ വലിപ്പം അങ്ങനെ നിശ്ചയിക്കപ്പെടുന്നു. പക്ഷേ പണം എന്നുപറഞ്ഞു കഴിഞ്ഞാൽ നോട്ട് മാത്രമല്ല, ഒരു നോട്ട് പലതവണ നമുക്ക് കൈമാറാൻ സാധിക്കും. എത്ര നോട്ടുണ്ട്, അത് എത്ര വേഗത്തിൽ കൈമാറുന്നു എന്നിവയെ ആശ്രയിച്ചിരിക്കും പണത്തിന്റെ ലഭ്യത. ഇവിടെ രണ്ടുകാര്യങ്ങളും സംഭവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സർക്കാർ നോട്ട് പിൻവലിച്ചില്ലെങ്കിലും കൂടുതൽ നോട്ടുകൾ അച്ചടിക്കുന്നുണ്ട്. അച്ചടിക്കുന്ന നോട്ടിൽ കേരളത്തിന് നൽകുന്ന വിഹിതം കുറഞ്ഞുവെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. തങ്ങൾ ആവശ്യപ്പെടുന്ന പണം ലഭിക്കുന്നില്ല എന്ന് ബാങ്കുകൾ പരാതിപ്പെടുന്നു. അത് സംഭവിച്ചിട്ടുണ്ട്. പക്ഷേ നോട്ടുകൾ കൈമാറുന്നതിൽ ഗണ്യമായ കുറവ് വന്നുവെന്നതാണ് അതിലുപരി സംഭവിച്ചിരിക്കുന്നത്. കാരണം ബാങ്കുകൾ ബാങ്കിംഗ് ഇടപാടുകൾക്ക് ഫീസുകളും സർവ്വീസ് ചാർജ്ജുകളും ഏർപ്പെടുത്താൻ തുടങ്ങിയപ്പോൾ കയ്യിൽ പണമുള്ളവർ ബാങ്കിൽ നിക്ഷേപിക്കാതെ കയ്യിൽത്തന്നെ സൂക്ഷിക്കാൻ തുടങ്ങി. പണം hoard ചെയ്യപ്പെടുകയാണ്. അതിന്റെ ഫലമായി മൊത്തം ചംക്രമണ വേഗത കുറഞ്ഞപ്പോൾ പണലഭ്യതയിൽ ഇടിവുണ്ടായി. അതാണ് സംഭവിച്ചിട്ടുള്ളത്. ഈ

പ്രശ്നം കേന്ദ്രസർക്കാരിന്റെ വളരെ തെറ്റായ ബാങ്കിംഗ് നയത്തിന്റെ ഫലമായി വന്നുചേർന്ന ഒന്നാണ്. ഇക്കാര്യം പലതവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി നേരിട്ട് സംസാരിക്കുകയുണ്ടായി. പക്ഷേ പ്രശ്നം വേണ്ടത്ര പരിഹരിക്കപ്പെടുന്നില്ല എന്ന് കണ്ടതുകൊണ്ട് വിഷുവിന് മുമ്പ് തന്നെ ഒരു തീരുമാനമെടുത്തു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ബിവറേജസ് കോർപ്പറേഷൻ, ഫിനാൻഷ്യൽ കോർപ്പറേഷൻ, ലോട്ടറി തുടങ്ങിയ സ്ഥാപനങ്ങൾ പണം നേരിട്ട് ട്രഷറിയിലേയ്ക്കല്ല, ബാങ്കിലേയ്ക്കാണ് ഒടുക്കുന്നത്. പണം ട്രഷറിയിൽ എണ്ണുന്നതിന് ബുദ്ധിമുട്ടാണ്. പണം തൊട്ടടുത്ത ബാങ്കിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. പക്ഷേ ആ ബാങ്കുകൾ നമുക്ക് കറൻസി നൽകുന്നില്ല. അതുകൊണ്ട് നമ്മുടെ ഈ സ്ഥാപനങ്ങളെല്ലാം ട്രഷറികളിൽത്തന്നെ പണം നിക്ഷേപിക്കണമെന്ന് നിർബന്ധിച്ചു. അതിനുള്ള ക്രമീകരണങ്ങൾ ഒറ്റദിവസം കൊണ്ട് വരുത്താൻ കഴിയില്ല. ഇത്രയധികം നോട്ട് എണ്ണിത്തീർക്കുന്നതിന് യന്ത്രം പോലുമില്ല. എന്നാലും ട്രഷറി ജീവനക്കാർ നല്ലരീതിയിൽ പ്രവർത്തിച്ചതിന്റെ ഫലമായി ഇപ്പോൾ പണം ആവശ്യപ്പെട്ട് വരുന്നവർക്ക് ട്രഷറിയിൽനിന്ന് കൊടുക്കാനുള്ള കറൻസി നമ്മുടെ കയ്യിലുണ്ട്. ആ സ്ഥിതിയിലേയ്ക്ക് വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കച്ചവടത്തെ

ഇപ്പോഴും ഈ പ്രശ്നം പ്രതികൂലമായി ബാധിക്കുന്നുണ്ട്. സാധാരണക്കാർക്ക് എ.ടി.എം.-ൽ നിന്ന് പണം പിൻവലിക്കാൻ സാധിക്കാതെ വരുന്നുണ്ട്. 50 ദിവസം കൊണ്ട് തീരുമെന്ന് പറഞ്ഞ പ്രശ്നം അഞ്ച് മാസം കഴിഞ്ഞും തുടരുകയാണ്. ഈ പ്രശ്നം ആരംഭിച്ച സമയത്തുതന്നെ നിയമസഭ ചൂണ്ടിക്കാണിച്ച കാര്യവും ഇതുതന്നെയാണ്. ആ അപകടമൊക്ക യാഥാർത്ഥ്യമായി മാറുകയാണ്. നമ്മൾ ചെയ്യുന്നത് അഭികാമ്യമാണെന്ന് ഞാൻ പറയുകയില്ല. എന്തുകൊണ്ടാണ് അങ്ങനെ പറയാത്തത്; കാരണം പണം കൈവിടാതെ വയ്ക്കുന്നുണ്ടല്ലോ; അതുപോലെ സംസ്ഥാന സർക്കാരും പണം കൈവിടാതെ വയ്ക്കുകയാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് പ്രശ്നം രൂക്ഷമാക്കുകയേയുള്ളൂ. ഇത് മനസ്സിലാക്കി കേന്ദ്ര സർക്കാർ അവരുടെ നയങ്ങൾ തിരുത്തുകയാണ് വേണ്ടത്. ഇത് വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി അത്യന്തം ഗൗരവമായ വിഷയമാണ്. അത് ഉൾക്കൊണ്ടുകൊണ്ടുള്ള കാര്യങ്ങൾ ഇവിടെ കൃത്യമായി പറഞ്ഞു. ഒരു കാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത്, അടിയന്തര പ്രാധാന്യമുള്ള ഇക്കാര്യം നിയമസഭ ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും ഒരു സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കുകയും

ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കേണ്ട കാര്യമില്ല. പ്രമേയം നിയമസഭ അംഗീകരിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പറോട് പറയുന്നത്, അടുത്ത ദിവസങ്ങളിൽ ചേരുന്ന ധനകാര്യ വകുപ്പുമന്ത്രിമാരുടെ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ അതീവ ഗൗരവമായിട്ടുള്ള ഇക്കാര്യം ഉന്നയിക്കും. അതിന് മറ്റ് ചില സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുമായി ചർച്ച ചെയ്ത് വളരെ ഗൗരവത്തിൽത്തന്നെ ഈ പ്രശ്നം ഉന്നയിക്കുന്നതാണെന്ന് ഉറപ്പുനൽകുന്നു.

(സബ്മിഷൻ)